**ഭരണഭാഷ-മാതൃഭാഷ**

പാലക്കാട് നഗരസഭ

## പാലക്കാട് മുനിസിപ്പാലിറ്റി

**പിൻ കോഡ്- 678001 ഫോൺ നമ്പർ : 0491-2534638**

**ഇമെയിൽ : secypkd@gmail.com**

നമ്പർ: 1693531-2024 തീയതി : 17-01-2025

പ്രേഷകൻ

സെക്രട്ടറി
പാലക്കാട് മുനിസിപ്പാലിറ്റി

സ്വീകർത്താവ്

കെ.സതീഷ് കുമാർ
ഇൻറേണൽ വിജിലൻസ് ഓഫീസർ
ജോയിൻ്റ് ഡയറക്ടറുടെ കാര്യലയം,പാലക്കാട്

സർ,

വിഷയം: പാലക്കാട് നഗരസഭ-ആരോഗ്യവിഭാഗം-അമ്മൻസ് മെറ്റൽസ് എന്ന സ്ഥാപനത്തിനെതിരെയുള്ള പരാതി സംബന്ധിച്ച്

സൂചന: 1. ശ്രീ.അപ്പുകുഞ്ചഗുപ്തൻ,മയൂഖം വീട് ,റാം നഗർ കോളനി ,വടക്കന്തറ എന്നവർ ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി (2)മുമ്പാകെ സമർപ്പിച്ച പരാതി.

പാലക്കാട് നഗരസഭ 43/365,366,367എന്നീ നമ്പർ കെട്ടിടത്തിൽ അമ്മൻസ് മെറ്റൽസ് എന്ന പേരിൽ പ്രവർത്തിക്കുന്ന സക്രാപ്പ് ഗോഡൌണിൽ സക്രാപ്പ് ഇറക്കുന്ന സമയത്ത് ശബ്ദം ഉണ്ടാകുന്നതായും ബാറ്ററി വേസ്റ്റിൽ നിന്നുണ്ടാകുന്ന ദ്രാവകം മൂലം കിണറിലെ വെള്ളം മലിനപ്പെടുന്നു,വീടിനടുത്തുള്ള മരങ്ങൾ ഉണങ്ങുന്നു എന്ന് കാണിച്ച് 16/10/2023 തിയ്യതി ശ്രീമതി .റീത്ത ,മയൂഖം വീട് 72 ,റാം നഗർ കോളനി എന്നവർ നഗരസഭയിൽ പരാതി നൽകിയിരുന്നു.മേൽ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തുകയും പരാതിക്കാരിയുടെ വീട്ടിൽ നിന്നും ഏകദേശം 3.5 മീറ്റർ ദൂരമുള്ള വീടിന് എതിർവശത്ത് റോഡിന്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം * പാലക്കാട് പിൻ - 678 001
18/1/25

മറുവശത്തായി സ്ഥിതി ചെയ്യുന്ന ടി സ്ഥാപനത്തിൽ ശബ്ദമലീനികരണം ഉണ്ടാകുന്നില്ല എന്ന് ബോധ്യപ്പെടുകയും ബാറ്ററി വെള്ളം സംസ്കരിക്കുന്നതിന് സോക്പിറ്റ് നിർമ്മിക്കണമെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ അനുമതി എടുക്കണമെന്നും കാണിച്ച് സ്ഥാപന ഉടമയ്ക്ക് നോട്ടീസ് മുഖാന്തരം നിർദേശം നൽകുകയും ചെയ്തതിൻ്റെ അടിസ്ഥാനത്തിൽ കക്ഷി സോക്പിറ്റ് നിർമ്മിക്കുകയും മതിലിന് മുകളിൽ ഷീറ്റും പ്ലൈവുഡും വെച്ച് മറച്ച് യാതൊരു ശബ്ദവും കേൾക്കാത്ത രീതിയിൽ സജ്ജികരിക്കുകയും ചെയ്തിട്ടുള്ളതും 5/1/2024 ന് പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ അനുമതി പത്രം കരസ്ഥമാക്കി ഓഫീസിൽ ഹാജരാക്കുകയും പുനപരിശോധനയിൽ സ്ഥാപനവും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി വിവരങ്ങൾ രേഖാമൂലം പരാതിക്കാരിയായ ശ്രീമതി, റീത്ത എം എന്നവരെ അറിയിച്ചിട്ടുള്ളതുമാണ്.

സ്ഥലപരിശോധന നടത്തി ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടി തൃപ്തികരമല്ലെന്നും ശബ്ദമലീനീകരണം നിലനിൽക്കുന്നുണ്ടെന്നും തെറ്റായ വിവരങ്ങൾ നൽകിയ ഹെൽത്ത് ഇൻസ്പെക്ടർക്കെതിരെ നടപടി വേണമെന്നും പരാതിക്കാരി 10/2/2024 ന് ബഹു. ജില്ലാ കളക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി, ക്ലീൻ സിറ്റി മാനേജർ , ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തുകയും ശബ്ദമലിനീകരണമോ, പരിസര മലിനീകരണമോ ഇല്ല എന്ന് ബോധ്യപ്പെടുകയും പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ അനുമതിയോടുകൂടി നഗരസഭ ലൈസൻസ് എടുത്താണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്നുള്ള വിവരം ബഹു. ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്.

മേൽ സ്ഥാപനത്തിൽ നിന്ന് ശബ്ദമലിനീകരണം ഉണ്ടാവുന്നതായും നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് പരാതിക്കാരി ജൂലൈ 2024 ന് ടൌൺ നോർത്ത് പോലീസ് സ്റ്റേഷനിലേക്ക് നൽകിയ പരാതി പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമായതിമേൽ ഹെൽത്ത് ഇൻസ്പെക്ടർ വീണ്ടും സ്ഥലപരിശോധന നടത്തുകയും വൈകുന്നേരം 6 മണിക്ക് ശേഷം സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നും ബാറ്ററി വേസ്റ്റ് ഇല്ല എന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ അനുമതി പത്രം കരസ്ഥമാക്കിയിട്ടുണ്ട് എന്നും മലിനജലം സംസ്കരിക്കുന്നതിന് സോക്പിറ്റ് നിർമ്മിച്ചിട്ടുണ്ട് എന്നും അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും ആയത് തരംതിരിച്ച് ഹരിതകർമ്മസേനക്ക് കൈമാറുന്നുണ്ട് എന്നും സ്ഥാപനത്തിൻ്റെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നുണ്ട് എന്നുമുള്ള വിവരങ്ങൾ ബോധ്യപ്പെട്ടതിൻ്റെ അടിസ്ഥാനത്തിൽ ടൌൺ നോർത്ത് പോലീസ് സ്റ്റേഷനിലേക്ക് 25/7/2024ന് മറുപടി നൽകിയിട്ടുള്ളതാണ്.

പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ അനുമതി പത്രത്തിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങൾ സ്ഥാപന ഉടമ പാലിക്കുന്നില്ല എന്നും ആയതിനാൽ ടി സ്ഥാപനത്തിന് അനുവദിച്ച ലൈസൻസ്

ക്യാൻസൽ ചെയ്യണമെന്നും കാണിച്ച് ശ്രീമതി.റീത്ത എം എന്നവർ വീണ്ടും 12/7/2024 ന് നഗരസഭയിൽ പരാതി നൽകിയിരുന്നു.ശബ്ദമലിനികരണമോ പരിസരമലിനികരണമോ കാണുന്നില്ല എന്നും മാലിന്യ സംസ്കരണം തൃപ്തികരമാണെന്നും കാണിച്ച് 5/8/24 ന് പരാതിക്കാരിക്ക് മറുപടി നൽകിയിട്ടുള്ളതാണ്.

മേൽ പറഞ്ഞ ശല്യങ്ങൾ സ്ഥാപനത്തിൽ നിന്നും ഉണ്ടെന്നും ആയത് തൻ്റെ പഠനത്തെ ബാധിക്കുന്നുവെന്നും ബഹു.മുൻസിഫ് കോടതി മുമ്പാകെ പരാതി നൽകിയിട്ടുണ്ടെന്നും സ്ഥാപനത്തിന് അനുവദിച്ച ലൈസൻസ് റദ്ദ് ചെയ്യണമെന്നും കാണിച്ച് പരാതിക്കാരിയുടെ മകൾ കുമാരി ഉത്തര എന്നവർ 30/8/24 ന് ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടലിൽ നൽകിയ പരാതി പ്രകാരം വീണ്ടും സ്ഥലപരിശോധന നടത്തി സ്ഥാപനം എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് പ്രവർത്തിക്കുന്നത് എന്നും നിലവിൽ സ്ഥാപനത്തിൽ അപാകതകൾ കാണുന്നില്ല എന്നുമുള്ള മറുപടി കക്ഷിക്കും ബഹു.മുഖ്യമന്ത്രിയുടെ കാര്യലയത്തിലേക്കും 23/9/2024 തിയ്യതിയിൽ അയച്ചിട്ടുള്ളതാണ്.

ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ടിയാൻ വീണ്ടും ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടലിൽ നൽകിയ പരാതി പ്രകാരം പരാതിക്കാരിയെ വിളിച്ച് നേരിൽ കേൾക്കണമെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് ബഹു.ജില്ല ജോയിൻ്റ് ഡയറക്ടറുടെ ഓഫീസിൽ നിന്ന് നിർദ്ദേശിച്ചതിനാൽ 12/11/24 ന് നഗരസഭ സെക്രട്ടറി മുമ്പാകെ നേരിൽ കേൾക്കുന്നതിന് ഹാജരാകണമെന്ന് പരാതിക്കാരിക്ക് അറിയിപ്പ് നൽകുകയും 12/11/2024 ന് ഉച്ചക്കഴിഞ്ഞ് 3 മണിക്ക് സെക്രട്ടറിയുടെ ക്യാബിനിൽ വെച്ച് ഹിയറിംഗ് നടക്കുന്ന സമയം കക്ഷി ഹാജർ ബുക്കിൽ ഒപ്പിടാൻ വിസമ്മതിക്കുകയും സെക്രട്ടറിയോ മറ്റു അന്വേഷണ ഉദ്യോഗസ്ഥരോ പറയുന്നത് കേൾക്കാൻ കൂട്ടാക്കാതെ ബഹളം വെച്ച് സംസാരിക്കുകയും എതിർകക്ഷിയിൽ നിന്നും കൈക്കൂലി വാങ്ങി അവർക്ക് അനുകൂലമായി സംസാരിക്കുകയാണെന്നും ആരോപിക്കുകയും വീഡിയോ റെക്കോർഡ് ചെയ്യുകയുമാണുണ്ടായത് .ഇതിനുമുമ്പും ഓഫീസിൽ വന്ന് ഉച്ചത്തിൽ സംസാരിക്കുകയും വീഡിയോ റെക്കോർഡ് ചെയ്തിട്ടുള്ളതുമാണ്.

അമ്മൻ മെറ്റൽസ് എന്ന സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ട് 15 വർഷമായി .എന്നാൽ പരാതിക്കാരിയുടെ വീടിന് 8 വർഷത്തെ പഴക്കമാണുള്ളത്.16/11/2024 ന് ബഹു.ജില്ലാ ജോയിൻ്റ് ഡയറക്ടർ,ക്ലീൻ സിറ്റി മാനേജർ,ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ പ്രസ്തുത സ്ഥലം പരിശോധന നടത്തുകയും സമീപവാസികളോട് അന്വേഷിക്കുകയും ചെയ്തിരുന്നു.പരാതിക്കാരി പറയും പ്രകാരം ടി സ്ഥാപനത്തിൽ നിന്നും ശല്യങ്ങളൊന്നും ഉള്ളതായി കാണാൻ കഴിഞ്ഞിട്ടില്ലത്തതുമാണ്.

ശ്രീമതി.റീത്ത എം എന്നവർ CASE NO,7522/11/10/24/PKD പ്രകാരം ബഹു.കേരള മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതിൻ്റെ അടിസ്ഥാനത്തിൽ വിശദമായ

റിപ്പോർട്ട് 4/12/2024 ന് ബഹു.കേരള മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ശ്രീ.അപ്പുകുഞ്ഞ ഉണ്ണൻ ,മയൂഖം വീട് എന്നവർ കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലേക്ക് പരാതി സമർപ്പിച്ചിട്ടുള്ളതും ആയതിന് 31/12/2024 ന് കക്ഷിക്ക് മറുപടി നൽകിയിട്ടുള്ളതാണെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

MUNICIPAL OFFICE ★ PALAKKAD MUNICIPALITY ★

സെക്രട്ടറി